## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ.107

01.07.2015 ൽ

മറുപടിക്ക്

## കായൽ കൈയ്യേറ്റം

ചോദ്യം

ശ്രീ.എം.ഉമ്മർ

ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

ശ്രീ.സി.മോയിൻ കുട്ടി

ശ്രീ.പി.കെ.ബഷീർ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളപ്പിറവിക്ക ശേഷമുണ്ടായിട്ടുള്ള കായൽ കൈയ്യേറ്റങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; | (എ) | കേരളപ്പിറവിയ്ക്ക ശേഷം സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്തി ഇക്കാര്യത്തിലുള്ള പൂർണ്ണമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ടി കായൽ പുനരുദ്ധാരണ സർവേയുടെ ഭാഗമായി ജില്ലാ കളക്ടറുടെ 08.10.13 ലെ ജെ4-79893/13 ഉത്തരവ് പ്രകാരം പരിശോധന നടത്തി വെങ്ങാന്നൂർ കല്ലിയൂർ വില്ലേജിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൻമേൽ കേരള ലാന്റ് കൺസർവൻസി നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നു. കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ 12 കേസുകളിലായി 6.43.32 ഹെക്ടർ കായൽ പുറമ്പോക്ക് |

| | | | |
|---|---|---|---|
| | | | കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ നാളിതുവരെ 4 ഹെക്ടർ 33 ച.മീ. സ്ഥലത്ത് കായൽ കയ്യേറിയിട്ടുള്ളതായി അന്വേഷണ രേഖകൾ പരിശോധിച്ചതിൽ നിന്നും അറിവായിട്ടുണ്ട്. കായലുകളിലും ജലസ്രോതസ്സുകളിലും ഉണ്ടാകുന്ന കയ്യേറ്റങ്ങളെപ്പറ്റി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. പ്രധാനപ്പെട്ട ചിറകൾ, കായലുകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പഠനങ്ങളിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ റാംസർ സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ട കായലുകളുടെ വിസ്തീർണ്ണം കുറഞ്ഞതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചിറകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് നടത്തുന്ന പഠന പര്യവേഷണങ്ങളിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഈ വകുപ്പിൽ വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12.11.2013 ൽ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കായൽ, തോട് എന്നിവ നികത്തി കൈയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുത്ത് കൈമാറ്റ സൗകര്യം നല്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ; | (ബി) | കായൽ, തോട് എന്നിവ നികത്തി കൈയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | കേരളപ്പിറവിക്കുശേഷം കായലോരങ്ങളിൽ, കരഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന കണ്ടെത്താൻ, നിഷ്പക്ഷരായ ഉദ്യോഗസ്ഥരുടെ സംഘത്തെ നിയോഗിക്കുമോ ? | (സി) | നിഷ്പക്ഷരായ ഉദ്യോഗസ്ഥരെ മാത്രമേ നിയമിക്കാറുള്ളൂ.<br><br>സെക്ഷൻ ഓഫീസർ |